(ബി) മെഡിക്കൽ കോളേജിൽ നിന്നും പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം ഏതു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് ആലുവക്കോട്ടുള്ള വീട്ടുപടിക്കലെ റോഡിൽ എത്തിച്ചത്;

(സി) എത്ര മണിക്കായിരുന്നു മൃതദേഹം റോഡിൽ ഉറക്കിവച്ചത്; ആരെല്ലാം ഇടപെട്ട് എത്ര മണിക്കായിരുന്നു മൃതദേഹം വീട്ടുകാർ ഏറ്റുവാങ്ങിയത്;

(ഡി) മൃതദേഹത്തോട് അപമര്യാദയായി പെരുമാറിയ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരണപ്പെട്ട ജിനുവിന്റെ മൃതദേഹം വീട്ടിലേക്കു കൊണ്ടുപോയത് പോലീസ് ഉദ്യോഗസ്ഥരുടെ ആരുടേയും നേതൃത്വത്തിലല്ല. ടിയാന്റെ മൃതദേഹം പോസ്റ്റ്മോർട്ടം പരിശോധന നടത്തുന്നതിന് കിളിമാനൂർ സ്റ്റേഷൻ പി.സി. 7753 ഹർഷകുമാറിനെ മെമ്മോറാണ്ടം സഹിതം ഏൽപ്പിച്ചിട്ടുള്ളതും, ടിയാൻ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ഏൽപ്പിക്കുകയും പരിശോധന കഴിഞ്ഞ് 4-3-2005-ാം തീയതി 4.30 മണിക്ക് മൃതദേഹം ഏറ്റുവാങ്ങി ജാതിമതാചാര പ്രകാരം മറവു ചെയ്യുന്നതിനുവേണ്ടി ജിനുവിന്റെ രക്തബന്ധുവായ ചിറുവിള വീട്ടിൽ രാമൻകുട്ടി മകൻ കുഞ്ഞുമോൻ എന്നയാളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് വച്ചുതന്നെ ഏൽപ്പിച്ച് രസീത് വാങ്ങിയിട്ടുള്ളതുമാണ്.

(സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മൃതദേഹത്തോട് പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ അപമര്യാദയായി പെരുമാറിയിട്ടില്ല.

ശാസ്താംകോട്ട-പുന്നമൂട് വാഹനാപകടം

47 [3098] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-2-2005-ൽ കൊല്ലം ജില്ലയിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന കടപുഴക്കടുത്ത് പുന്നമൂട് എന്ന സ്ഥലത്ത് വച്ച് കെ.എൽ.-2 എം. 7771 നമ്പർ ബൈക്കിൽ യാത്ര ചെയ്ത വ്യക്തിയെ എതിരെവന്ന ലോറി ഇടിച്ചു വീഴ്ത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ പോലീസും മോട്ടോർ വാഹന വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ബൈക്കിനെ ഇടിച്ച ലോറിയെ സംബന്ധിച്ച് വസ്തുതകൾ വെളിപ്പെടുത്തുമോ;

(ഇ) ബൈക്കിനും യാത്രികനും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ചു കിട്ടുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവലാതിക്കാരനായ ഷിബു തോമസിന്റെ മൊഴി വാങ്ങി ക്രൈം നമ്പർ 68/05 വകുപ്പ് 279, 337 ഐ.പി.സി. പ്രകാരം (134 @ എം.വി. ആക്ട്) കേസ് എടുത്തിട്ടുള്ളതാകുന്നു.

(സി) ഇക്കാര്യത്തിൽ പോലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് ടി വാഹനം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെക്കൊണ്ട് ടെസ്റ്റ് ചെയ്യിപ്പിച്ചിട്ടുള്ളതാകുന്നു.

(ഡി) ടി കൃത്യത്തിന് ഹേതുവായ കെ. ബി. ഇ. 7167-ാം നമ്പർ ലോറി മഹസ്സറിൽ വിവരിച്ച് പോലീസ് ബന്തവസ്സിൽ എടുത്തിട്ടുണ്ട്.

(ഇ) പ്രതിയുടെ പേരിൽ ചാർജ്ജ് ഷീറ്റ് തയ്യാറാക്കി കോടതിയിൽ ഹാജരാക്കുന്നതും ആവലാതിക്കാരന് എം.എ.സി.ടി. ക്ലെയിം കിട്ടുന്നതിന് നടപടി സ്വീകരിക്കുവാൻ ടിയാനുവേണ്ട നിർദ്ദേശം നൽകുന്നതുമാണ്.

വെള്ളക്കാവിൽ ഹംസയുടെ മരണത്തെക്കുറിച്ച് അന്വേഷണം

48 [3099] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല, തിരുവേഗപ്പുറ പഞ്ചായത്തിലെ തിരുവേഗപ്പുറ സ്വദേശിയായിരുന്ന വെള്ളക്കാവിൽ ഹംസയെ 25-12-2004-ൽ പട്ടാമ്പി റെയിൽവെ ട്രാക്കിൽ മരിച്ച നിലയിൽ കണ്ടെത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹംസയുടെ മരണം കൊലപാതകമാണെന്ന വീട്ടുകാരുടെയും ആക്ഷൻ കൗൺസിലിന്റെയും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) അന്വേഷണവുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ പരാതി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly